അൺഫെയർ ലേബർ പ്രാക്ടീസാണെന്നാണ്. കെ.റ്റി.ഡി.സി., ട്രാൻസ്പോർട്ട് തുടങ്ങി ഒട്ടനവധി പൊതുമേഖലാ സ്ഥാപനങ്ങളിൽ ആരംഭിച്ചിരിക്കുന്ന ഡെയ്‌ലി വേജസ് എന്ന പേരിലുള്ള സെക്യൂരിറ്റി നിയമനമാണ്. ഇത് അൺഫെയർ ലേബർ പ്രാക്ടീസാണ്. തൊഴിൽ ബന്ധങ്ങളെയും തൊഴിൽ മേഖലയെയും തകർക്കുന്നു എന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ? അങ്ങ് കൊണ്ടുവന്നിരിക്കുന്ന ഈ നിയമം മാതൃകയായി സ്വീകരിച്ചുകൊണ്ട് ഇത് പാസ്സാക്കുവാൻ ഗവൺമെന്റ് മുൻകൈയെടുക്കണം.

ശ്രീ. ഇ.എം. അഗസ്തി : വളരെ അൺഹെൽത്തി പ്രക്ടീസ് എന്നുള്ള നിലയിൽ ഇത് അവസാനിപ്പിക്കുവാൻ വേണ്ടിയാണ് നിയമം കൊണ്ടുവന്നത്. ബഹുമാനപ്പെട്ട മന്ത്രി ഈ ചർച്ചയുടെ അവസാനഘട്ടത്തിൽ സഹകരിക്കുമെന്നാണ് എന്റെ പ്രതീക്ഷ.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : ശ്രീ. പാലോട് രവി ഉദ്ദേശിച്ചത് ഡെയ്‌ലി വേജസായിട്ട് കെ.റ്റി.ഡി.സി., കെ.എസ്.ആർ.റ്റി.സി എന്നിവ എടുത്തിട്ടുള്ള ജീവനക്കാരെ ഒഴിവാക്കണമെന്നാണോ? ഒരു കങ്കാണി സിസ്റ്റത്തിന്റെ അടിസ്ഥാനത്തിൽ ആളുകളെ റിക്രൂട്ട് ചെയ്യുമ്പോൾ അതിനിടയിൽ നിന്നുകൊണ്ട് കമ്മീഷൻ പറ്റുന്ന ഏർപ്പാട് അവസാനിപ്പിക്കണമെന്നാണോ അങ്ങ് ഉദ്ദേശിക്കുന്നത്?

ശ്രീ. പാലോട് രവി : പല സ്ഥലത്തും ഇന്ന് ഉദ്യോഗസ്ഥന്മാർ തന്നെ കങ്കാണിമാരാകുകയാണ്. അതാണ് അൺഫെയർ ലേബർ പ്രാക്ടീസ് എന്നു പറയുന്നത്. കങ്കാണി സിസ്റ്റം അബോളിഷ് ചെയ്തതിനുശേഷം കേരളത്തിൽ പല പൊതുമേഖലാ സ്ഥാപനങ്ങളിലും പല ഉദ്യോഗസ്ഥന്മാരും കങ്കാണിമാർ ആകുകയാണ്. അതാണ് അൺഫെയർ ലേബർ പ്രാക്ടീസ്. അത് തടയുന്നതിന് ശ്രീ. ഇ.എം. അഗസ്തി കൊണ്ടുവന്നിരിക്കുന്ന നിയമം സർക്കാർ അംഗീകരിക്കണം.

ശ്രീ. ഇ.എം. അഗസ്തി : എന്റെ ബില്ലിന്റെ ഉദ്ദേശശുദ്ധി എന്നു പറയുന്നത് സെക്യൂരിറ്റിക്കാരുടെ സേവന-വേതന വ്യവസ്ഥ സംബന്ധിച്ചും മറ്റും തൊഴിൽ രംഗത്തുള്ള അൺഫെയർ ലേബർ പ്രാക്ടീസ് അവസാനിപ്പിക്കണമെന്നതാണ്. ഞാൻ ഒരു കാര്യം ചൂണ്ടിക്കാണിച്ചു എന്നു മാത്രമേയുള്ളു. ആ കാര്യത്തെ കുറിച്ച് ശ്രീ. പാലോട് രവിയും ശ്രീ. പി.പി. സുലൈമാൻ റാവുത്തറും തമ്മിൽ തർക്കത്തിന്റെ ആവശ്യമില്ല. രണ്ടുപേരും ട്രേഡ് യൂണിയൻ നേതാക്കന്മാരാണ്. നിങ്ങൾ രണ്ടുപേരുംകൂടി മുൻകൈയെടുക്കണമെന്നാണ് എന്റെ അഭിപ്രായം. ഞാൻ വിഷയത്തിലേക്ക് വരട്ടെ.

മി. സ്പീക്കർ : അങ്ങേയ്ക്ക് അടുത്ത ദിവസം തുടരാം.

(ചർച്ച തുടരും)

(3) ദി കമ്പൽസറി പ്രാക്ടീസിംഗ് ഓഫ് ഗവൺമെന്റ് ഡോക്ടേഴ്സ് (ഇൻ റൂറൽ ഏരിയാസ്) ബിൽ 1999.†

(ശ്രീ. ഇ.എം. അഗസ്തി നോട്ടീസ് നൽകിയത്)

† അനുബന്ധം - VIII

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ.എം. അഗസ്തി : സർ, ദി കമ്പൽസറി പ്രാക്ടീസിംഗ്, ഓഫ് ഗവൺമെന്റ് ഡോക്ടേഴ്സ് (ഇൻ റൂറൽ ഏരിയാസ്) ബിൽ, 1999 പരിഗണന യ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ബാലറാം : പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, അടുത്ത കാലത്ത് ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവിലെ കാര്യങ്ങൾ അറിഞ്ഞാൽ ചിലപ്പോൾ അദ്ദേഹം ഈ ബിൽ പിൻവലിക്കും. ആവശ്യമില്ലാത്ത കാര്യത്തെക്കുറിച്ചുള്ള ചർച്ചയെ ഞാൻ ഒപ്പോസുചെയ്യുന്നു. രണ്ടുകാര്യമാണ്. ഒന്ന്, 1998-ലെ പ്രോസ്പെക്ടസിൽ ഇവർക്ക് ഒരു കണ്ടീഷൻ വച്ചിട്ടുണ്ട്. ഗവൺമെന്റ് പറയുന്ന ബാക്ക്വേഡ് ഏരിയായിൽ പോയി ജോലി ചെയ്തിരിക്കണം. 2 ലക്ഷംരൂപ ബോണ്ട് വയ്ക്കണം. കൊളാറ്ററൽ സെക്യൂരിറ്റി വേണമെന്ന് ആവശ്യപ്പെട്ടിരുന്നു. എം.എൽ.എ.മാർ എഴുതിതന്നു, പാവപ്പെട്ടവർക്ക് അഡ്മിഷൻ കിട്ടിയാൽ .....

മി. സ്പീക്കർ : വിശദാംശം വേണ്ട.

ശ്രീ. എ.സി. ഷൺമുഖദാസ് : നേരത്തെ നടപടികൾ സ്വീകരിച്ചു എന്നുള്ളതുകൊണ്ട് ഞാൻ ഒപ്പോസുചെയ്യുന്നു.

ശ്രീ. ഇ.എം. അഗസ്തി : ഞാൻ വളരെ വേദനയോടുകൂടി പറയട്ടെ, എനിക്ക് ഈ ബില്ല് പിൻവലിക്കുവാൻ നിർവ്വാഹമില്ല. എനിക്ക് അതിനെക്കാൾ ദു:ഖം ബഹുമാനപ്പെട്ട മന്ത്രി ബില്ലിനെ ഒപ്പോസുചെയ്തതുകൊണ്ടാണ്. അദ്ദേഹം ആരോഗ്യവകുപ്പിന്റെ ചുമതല ഏറ്റെടുത്ത ശേഷവും അദ്ദേഹം പ്രതിപക്ഷത്തിരിക്കുമ്പോഴുമൊക്കെ ഈ സഭയിൽ ഏറ്റവും കൂടുതൽ ചർച്ച നടന്നതും ഏറ്റവും കൂടുതൽ സബ്മിഷൻ വന്നതും ഇത് സംബന്ധിച്ചാണ്. ഗ്രാമപ്രദേശങ്ങളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമല്ലെന്ന യാഥാർത്ഥ്യത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം ചില നടപടികൾ സ്വീകരിക്കുമെന്നുപറഞ്ഞു. അതെല്ലാം ഗവൺമെന്റ് ഉത്തരവുകളാണ്. ആ ഉത്തരവുകളെ മറികടക്കുവാൻ തീവ്രമായ ശ്രമം നടക്കുന്നു. അതുകൊണ്ട് അദ്ദേഹത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കുവാൻ കഴിയുകയില്ല. അതുകൊണ്ടാണ് ഇങ്ങനെ ഒരു നിയമം കൊണ്ടുവരണമെന്ന് ഞാൻ ആവശ്യപ്പെടുന്നത്. ബഹുമാനപ്പെട്ട മന്ത്രി എതിർക്കരുത് എന്നാണ് എന്റെ അഭ്യർത്ഥന.

ശ്രീ. കെ. പ്രകാശ് ബാബു : സർ, ഞാനൊരു കാര്യം പറയാം. ബഹുമാനപ്പെട്ട അഗസ്തി അവതരിപ്പിച്ച ബില്ലിന്റെ സ്പിരിറ്റ് ഗവൺമെന്റ് ഉൾക്കൊണ്ടു. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടി അതാണ്. ആദ്യം ഒപ്പോസ് ചെയ്യുന്നു എന്നു മറുപടി പറയുകയും പിന്നീട് പ്രൈവറ്റ് മെമ്പേഴ്സ് അവതരിപ്പിക്കുന്ന ബിൽ ഇവിടെ നിയമമായിട്ട് വരികയും ചെയ്യുന്നു. ശ്രീ. എം. മുരളി അവതരിപ്പിച്ച അലക്കു തൊഴിലാളി ക്ഷേമനിധി ബിൽ പിന്നീട് ബിൽ ആയിട്ടു വന്നു. ഗവൺമെന്റു കൂടി ഒരു പരിഗണനയെടുത്ത് മെമ്പർമാർ അവതരിപ്പിക്കുന്ന പ്രൈവറ്റ് ബില്ലുകൾ നിയമമാക്കാൻ ശ്രമിക്കണം. പ്രമേയങ്ങൾ നമ്മൾ അംഗീകരിക്കുന്നു. അതുപോലെ ഗവൺമെന്റ് ആവശ്യമായ ലെജിസ്ലേച്ചർ സ്ക്രൂട്ടിനി, ലീഗൽ സ്ക്രൂട്ടിനി എന്നിവയെല്ലാം നടത്തിക്കൊണ്ട് പ്രൈവറ്റ് മെമ്പർമാരുടെ ബിൽ തന്നെ നിയമമായിട്ട് അംഗീകരിച്ചാൽ വീണ്ടുമൊരു ബിൽ ഗവൺമെന്റിന്റെ പേരിൽ വരുന്നതു ഒഴിവാക്കാം. അതുതന്നെ അംഗീകരിക്കുകയും ചെയ്യാം. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട സ്പീക്കറും

ഗവൺമെന്റും ആലോചിക്കുന്നത് കുറച്ചുകൂടി നന്നായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്.

മി. സ്പീക്കർ : അത് ബന്ധപ്പെട്ട മന്ത്രിക്ക് മാത്രമായിട്ട് ചെയ്യാൻ കഴിയുന്ന കാര്യമല്ല.

(ശ്രീ. എ.സി. ഷൺമുഖദാസ്) : ശ്രീ. പ്രകാശ് ബാബു പറഞ്ഞത് വളരെ ശരിയാണ്. നമ്മുടെ സിറ്റിംഗ് അടക്കമുള്ള മുഴുവൻ കാര്യങ്ങളും ചർച്ച ചെയ്താലേ ഈ പറഞ്ഞ കാര്യങ്ങളൊക്കെ വരൂ. കാരണം, ഗവൺമെന്റ് കൊണ്ടുവരുന്ന ബിൽ തന്നെ പത്ത്-അറുപതെണ്ണം ഇവിടെയുണ്ട്. ബില്ലിന്റെ ഡീറ്റയിൽസിലേക്കുള്ള ഡിസ്കഷൻ, ക്ലാസ് ബൈ ക്ലാസ് ഡിസ്കഷനടക്കം ചർച്ച ചെയ്യേണ്ടിവരും. അവ ചർച്ച ചെയ്യുമ്പോൾ നേരത്തെ ചൂണ്ടിക്കാണിച്ച കാര്യങ്ങളൊക്കെ വരും. ആകെ കിട്ടുന്ന രണ്ടോ രണ്ടരയോ മണിക്കൂർ കൊണ്ട് ഒരു ബില്ലാണ് നിയമസഭ പാസാക്കുന്നത്. അതിന്റെ പ്രത്യാഘാതങ്ങളൊക്കെ ഗൗരവമേറിയതാണ്. അതുകൊണ്ട് ഈ കാര്യങ്ങളെല്ലാം കൂടി ആലോചിക്കേണ്ട കാര്യമാണ് ശ്രീ. പ്രകാശ് ബാബു പറഞ്ഞത്.

മി. സ്പീക്കർ : സർക്കാർ കൊണ്ടുവന്ന് അംഗീകരിക്കുന്ന ബില്ലുകൾക്കു തന്നെ ചില നടപടിക്രമങ്ങളുണ്ട്. ശ്രീ. പ്രകാശ് ബാബു പറഞ്ഞ സ്പിരിറ്റിനോട് ചെയറിന് യോജിപ്പാണ്. അത് അവഗണിക്കേണ്ട കാര്യമില്ല. പക്ഷെ അതിന് ഇപ്പോൾ നിർവ്വാഹമില്ല. മുൻപ് പാർലമെന്റിൽ ഒരിക്കൽ ഒരു പ്രൈവറ്റ് മെമ്പറുടെ ബിൽ അംഗീകരിച്ചിട്ടുണ്ട്. ഫിറോസ് ഗാന്ധിയുടെ ബില്ലാണ് സർക്കാർ ഒഫിഷ്യലായിട്ട് അംഗീകരിച്ചിട്ടുള്ളത്. അത് പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ കാലത്താണ്. അതിനുശേഷം പാർലമെന്റിലുമില്ല. അസംബ്ലികളിലുമില്ല. ഏതായാലും ഇതൊരു പ്രധാനപ്പെട്ട കാര്യമായിട്ട് പിന്നീട് പരിഗണിക്കുന്നതാണ്.

ശ്രീ. പാലോട് രവി : സർ, ബഹുമാനപ്പെട്ട മന്ത്രി സാധാരണ കീഴ്വഴക്കം ലംഘിച്ചുകൊണ്ടാണ് പറഞ്ഞത്. പ്രൈവറ്റ് മെമ്പർ, ഞങ്ങൾക്ക് അവകാശമുള്ള ബിൽ കൊണ്ടുവന്നാൽ, ബില്ലിന്റെ ഉള്ളടക്കത്തോട് ഗവൺമെന്റ് യോജിക്കുമെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ അതു പിൻവലിക്കണം. ആ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് ഒരു ബിൽ ഞങ്ങൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട് എന്നാണ് പറയേണ്ടത്. അങ്ങ് പറഞ്ഞത്, സ്പിരിറ്റ് ഉൾക്കൊള്ളാം. ഞങ്ങൾ ജി.ഒ. ഇറക്കാം എന്നാണ്. അങ്ങനെ പറഞ്ഞാൽ ബിൽ ആകത്തില്ല. അങ്ങേയ്ക്ക് അതാണോ സമീപനം? അതാണ് സമീപനമെങ്കിൽ അത് വ്യക്തമാക്കണം. അങ്ങു ബിൽ കൊണ്ടുവരുമെന്നു പറഞ്ഞിട്ടില്ല.

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, ഗവൺമെന്റിന്റെ മുന്നിൽ കൊണ്ടുവരേണ്ട ബില്ലുകളുടെ പ്രയോറിറ്റി നിശ്ചയിക്കണം. അറുപതോളം ബില്ലുകൾ സഭയുടെ മുന്നിലുണ്ട്. ഞാൻ കൊണ്ടുവന്ന എപ്പിഡെമിക്സ് നിയന്ത്രിക്കുന്ന ബില്ല് മൂന്നു കൊല്ലമായി, സഭ പാസ്സാക്കിയിട്ടില്ല. സമയമില്ലാത്തതുകൊണ്ടാണ്. ഒരു ബിൽ കൊണ്ടുവരുമ്പോൾ അതിന്റെ നിയമവശം, സാമ്പത്തിക വശം, പ്രത്യേകതകൾ എന്നിവയെല്ലാം നോക്കണം.

ശ്രീ. സി.പി. ബാലൻ വൈദ്യർ : സർ, ഞാൻ നേരത്തെ അവതരിപ്പിച്ച ഒരു ബില്ലിനെക്കുറിച്ച് പറയുകയുണ്ടായി. അതു കാരായ്മ കുടിയാൻമാർ ബില്ലാണ്. ഏറെക്കുറെ ആ ബില്ലിലുള്ള ഉള്ളടക്കമാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ച ബില്ലിലുമുണ്ടായിരുന്നത്. പക്ഷെ ഞങ്ങളെല്ലാം പിൻവലിക്കണമെന്നതാണ് ഗവൺമെന്റിന്റെ വാശി. ഒരു മെമ്പർ അവതരിപ്പിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ബില്ലിന്റെ തത്വത്തോട് ഗവൺമെന്റിനു യോജിപ്പുണ്ടെങ്കിൽ ആ ബിൽ അംഗീകരിക്കുന്നതിനുള്ള നടപടിക്രമം സ്വീകരിച്ചാൽ എന്താണ് തെറ്റ്? അതിനെ സംബന്ധിച്ച് അങ്ങയുടെ അഭിപ്രായം പറയണം.

ശ്രീ. ഇ.എം. അഗസ്തി : സർ, ബഹുമാനപ്പെട്ട മന്ത്രി ഓപ്പോസ് ചെയ്തെങ്കിലും എനിക്കു സംസാരിക്കാതിരിക്കാൻ നിവൃത്തിയില്ല. നമ്മുടെ സംസ്ഥാനത്ത് ആരോഗ്യപരിപാലന രംഗത്ത് ഇപ്പോഴുള്ള ഏറ്റവും വലിയ പ്രശ്നം സഭ അറിയണം, കേരള സംസ്ഥാനം അറിയണം. നമ്മുടെ സംസ്ഥാനത്തിന്റെ വരുമാനത്തിന്റെ മുഖ്യ പങ്ക് നമ്മൾ ആതുരശുശ്രൂഷാ രംഗത്തും ആരോഗ്യ പരിപാലന രംഗത്തും ചെലവഴിക്കുകയാണ്. മരുന്നു വാങ്ങുന്നതിൽ മാത്രമല്ല, ഡോക്ടർമാരെ പരിശീലിപ്പിക്കുന്നതിലും മെഡിക്കൽകോളേജുകൾ നടത്തുന്നതിലുമൊക്കെ നമ്മൾ ചെലവഴിക്കുന്ന തുക സംസ്ഥാനത്തിന്റെ വരുമാനത്തിന്റെ മുഖ്യപങ്കാണ്. നമ്മൾ ആരോഗ്യപരിപാലന രംഗത്ത് നേടിയ നേട്ടത്തെപ്പറ്റി വളരെയേറെ പറയുന്നു. നേട്ടങ്ങൾ സ്വായത്തമാക്കാൻ, അനുഭവിക്കാൻ ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന സാധാരണ ജനങ്ങൾക്കും ആദിവാസികൾക്കും ദരിദ്രജനവിഭാഗങ്ങൾക്കും കഴിയാതെ പോകുന്ന യാഥാർത്ഥ്യം ബഹുമാനപ്പെട്ട മന്ത്രി എന്തുകൊണ്ട് കാണുന്നില്ല എന്നു ഞാൻ വളരെ വിനയപൂർവ്വം ചോദിക്കുകയാണ്. സമയപരിമിതിമൂലം ഞാൻ മറ്റു കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. അങ്ങു വിചാരിച്ചാൽ ഒരു നിയമം കൊണ്ടുവരാനൊക്കില്ല എന്ന് എനിക്കറിയാം. അങ്ങേയ്ക്കും ബുദ്ധിമുട്ടുണ്ട്. ആ സത്യം അങ്ങു തുറന്നു പറയണം. നമ്മുടെ രാജ്യത്തെ മെഡിക്കൽ പ്രാക്ടീഷണേഴ്സിന്റെ കാര്യത്തിൽ നിലവിൽ ഒരു കേന്ദ്ര നിയമമുണ്ട്. ആ കേന്ദ്ര നിയമം വെറും ഇൻഡ്യൻ മെഡിക്കൽ പ്രാക്ടീസസ് ബില്ലാണ്. ആ ബില്ലിൽ ഒരു ഭേദഗതി കൊണ്ടുവരാതെ അപ്പുറത്തിരിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി എത്ര വിചാരിച്ചാലും എളുപ്പം മാറ്റാനൊക്കില്ല എന്നെനിക്കറിയാം. പക്ഷെ ബില്ലിനെക്കുറിച്ച് എനിക്കു പറയാൻ കൂടി പറ്റില്ല എന്നുള്ള അങ്ങയുടെ സമീപനമാണ് എനിക്കു മനസ്സിലാക്കാൻ കഴിയാത്തത്. ഞാൻ ഈ ബില്ലിന്റെ സ്ക്കോപ്പ് വളരെ ലിമിറ്റു ചെയ്തു. കാരണം, കേന്ദ്ര നിയമത്തിനു തടസ്സമായി വന്നാൽ ഈ ബില്ലിനു പോലും അനുമതി കിട്ടില്ലെന്ന് എനിക്കറിയാം. അതുകൊണ്ട് ഞാൻ എന്റെ ബില്ലിന്റെ സ്ക്കോപ്പ് വളരെ ലിമിറ്റു ചെയ്താണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. പക്ഷെ ഈ ബില്ലിൽ ഞാൻ പറഞ്ഞതിനേക്കാൾ വളരെ ഗുരുതരമായ പ്രശ്നമാണ് നമ്മുടെ ആരോഗ്യ രംഗം നേരിട്ടുകൊണ്ടിരിക്കുന്നത്. ഗ്രാമപ്രദേശങ്ങളിൽ ഡോക്ടർമാരില്ല എന്ന് സമ്മതിക്കുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്താൻ ബോണ്ട് എക്സിക്യൂട്ടീവ് ചെയ്യാൻ തീരുമാനിച്ചു എന്ന് അങ്ങു പറയുന്നു. പക്ഷെ തത്വത്തിൽ ഒരു കാര്യമുണ്ട്. സേവനം ലഭ്യമാകുന്നില്ല എന്ന കാര്യം യാഥാർത്ഥ്യമല്ലേ? ബോണ്ട് എക്സിക്യൂട്ട് ചെയ്യാൻ അങ്ങു തീരുമാനിച്ചപ്പോൾ എം.എൽ.എ.മാരുടെ ഭാഗത്തുനിന്ന് സമ്മർദ്ദമുണ്ടായതുകൊണ്ട് അതു നടപ്പിലാക്കാൻ കഴിയുമോ എന്നുള്ള ആശങ്കയിലാണെന്ന് അദ്ദേഹം പറയുന്നു. അപ്പോൾ കൊളാറ്ററൽ സെക്യൂരിറ്റി വേണമെന്ന് അങ്ങ് ആഗ്രഹിച്ചു. പക്ഷെ കൊളാറ്ററൽ സെക്യൂരിറ്റി നടപ്പിലാക്കുന്നതുകൊണ്ട് ബുദ്ധിമുട്ടുണ്ടാകുമെന്ന് എം.എൽ.എ.മാർ ചൂണ്ടിക്കാണിച്ചതുകൊണ്ട് അതു നടപ്പിലാക്കാൻ കഴിയുമോ എന്നുള്ള സംശയത്തിലാണെന്നാണ് അങ്ങു പറഞ്ഞത്. അതു ശരിയാണല്ലോ? .....

(ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, ഞാൻ പറഞ്ഞത് കൊളാറ്ററൽ സെക്യൂരിറ്റിയുടെ കാര്യം മാത്രമല്ല, പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ആരും

LIBRARY ARCHIVES Kerala Legislative Assembly

ജാമ്യം നൽകുന്നില്ല. പ്രത്യേകിച്ച് ഗിരിവർഗ്ഗക്കാർക്ക്. അങ്ങനെ വന്നാൽ അവർക്കു വേണ്ടി സ്വയം അവർ ബോണ്ട് തന്നാൽ മതിയെന്നു തീരുമാനിച്ചു.

മി.സ്പീക്കർ : പാവപ്പെട്ട വിദ്യാർത്ഥികളാണ് എവിടെയും സഫർ ചെയ്യുന്നത്. പാവപ്പെട്ട വിദ്യാർത്ഥികളാണ് ഗ്രാമങ്ങളിലൊക്കെ പോയി സേവനം നടത്താൻ നിർബന്ധിതമാകുന്നത്. സാമ്പത്തികശേഷിയുള്ളവർ പി. ജി.ക്കെല്ലാം പോയി എം.ഡി.യൊക്കെ കഴിഞ്ഞുവരും. കാരണം അവർക്ക് കാശുണ്ട്. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഒഴിഞ്ഞുപോകാൻ കഴിയില്ല. അതിനെ സംബന്ധിച്ച് സർക്കാരിന്റെ തീരുമാനം എന്താണ്?

(ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, 2000-2002 വർഷങ്ങളിലെ കോഴ്സുകളിലേയ്ക്കുള്ള പ്രോസ്പെക്ടസ് നേരത്തെ ഇറക്കുകയാണ് ചെയ്യുന്നത്. പി.ജി. പാസ്സാകുന്നവർക്ക് പൂർണ്ണമായും വ്യവസ്ഥ വച്ചിട്ടുണ്ട്. അത് പ്രോസ്പെക്ടസിൽ നിശ്ചയിച്ചിരിക്കുന്ന കണ്ടീഷനാണ്.

ശ്രീ. ഇ.എം. അഗസ്തി : സർ, എനിക്ക് ഈ കാര്യത്തിലൊന്നും തർക്കമില്ല. ഡോക്ടർമാരോട് അങ്ങ് ഉദാരമനസ്ക്കനാകണം. ഡോക്ടർമാരോട് ഉദാരമനസ്ക്കനാകാൻ അങ്ങു തയ്യാറായിരിക്കും. പക്ഷെ ഗ്രാമപ്രദേശങ്ങളിൽ ചികിത്സ ലഭിക്കാത്ത, ഗ്രാമപ്രദേശങ്ങളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാകാത്ത പാവങ്ങളെ സംരക്ഷിക്കാൻ ഗവൺമെന്റ് എന്തു ചെയ്യും എന്നതാണ് എന്റെ ചോദ്യം. ഗവൺമെന്റിന്റെ കണക്കനുസരിച്ച് 800 ഡോക്ടർമാർ പ്രതിവർഷം പഠിച്ചിറങ്ങുകയാണ്. ഒരു ഡോക്ടറെ പരിശീലിപ്പിക്കുന്ന സംസ്ഥാനം ഏറ്റവും കുറഞ്ഞത് 25 ലക്ഷം രൂപ ചെലവഴിക്കുന്നു. ആരോഗ്യപരിപാലന രംഗത്ത് സംസ്ഥാനത്തിന്റെ വരുമാനത്തിന്റെ മുഖ്യപങ്ക് ചെലവാക്കുന്നു. എന്നാൽ ഗ്രാമപ്രദേശങ്ങളിൽ ഡോക്ടർമാരില്ല. എന്റെ ജില്ലയായ ഇടുക്കിയിലും മറ്റുജില്ലകളായ പത്തനംതിട്ട, വയനാട്, കാസർഗോഡ് തുടങ്ങിയിടത്തും തീരപ്രദേശങ്ങളിലും ഡോക്ടർമാരില്ല. നമ്മുടെ ഡോക്ടർമാരെല്ലാം എവിടെപ്പോകുന്നു? ആരോഗ്യ കേന്ദ്രങ്ങളുടെ കണക്കു പറഞ്ഞ് ചർച്ച നടത്തുമ്പോൾ പ്രതിപക്ഷത്തെ ബോധ്യപ്പെടുത്താൻ ശ്രമിക്കും. എത്ര ആരോഗ്യ കേന്ദ്രത്തിൽ ഡോക്ടർമാരുണ്ട്? അത് അന്വേഷിക്കണ്ടേ? നമ്മുടെ ഡോക്ടർമാർക്ക് എന്തുപറ്റി എന്നുള്ളത് നമ്മൾ അന്വേഷിക്കണ്ടേ? ഡോക്ടർമാർ സ്വയം നന്നാകുന്നില്ലെങ്കിൽ അവരെ നന്നാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതു ഗവൺമെന്റാണ്. എല്ലാ ഡോക്ടർമാരും മോശമാണെന്ന് ഞാൻ പറയുന്നില്ല. പക്ഷെ ഈ സംസ്ഥാനത്തിലെ ചികിത്സ ലഭിക്കാത്ത, ചികിത്സ ലഭിക്കുന്നത് തന്നെ ഗവൺമെന്റ് തന്ന കണക്കനുസരിച്ച് സ്വകാര്യമേഖലയിലാണ്. ഗവൺമെന്റ് ഡോക്ടർമാരുടെ കാര്യമാണ് ഞാൻ പറയുന്നത്. ആരോഗ്യരംഗത്ത് ചികിത്സ മാത്രമല്ല പ്രശ്നം. ഒരു ആക്സിഡന്റ് പറ്റി ഒരാൾ മരിച്ചാൽ, കത്തിക്കുത്തേറ്റു ഒരാൾ മരിച്ചാൽ എന്റെ നിയോജകമണ്ഡലത്തിൽ നിന്ന് 120 കിലോമീറ്റർ അപ്പുറത്തുള്ള മെഡിക്കൽ കോളേജിൽ കൊണ്ടുപോയാണ് പോസ്റ്റുമോർട്ടം നടത്തുന്നത്. മൂന്നാമത്തെ ദിവസമാണ് ഡെഡ്ബോഡി കിട്ടുന്നത്. അതുമൂലം ബന്ധുക്കൾക്കുണ്ടാകുന്ന മാനസികപീഡനം പരിഹരിക്കാൻ ഗവൺമെന്റിന് ബാധ്യതയില്ലേ? ഒരു അപകടത്തിൽ ഒരാൾ മരിച്ചാൽ പോസ്റ്റുമോർട്ടം നടത്താൻ ഗവൺമെന്റ് ഹോസ്പിറ്റലിലെ ഡോക്ടർമാർ തയ്യാറാകുന്നില്ല. കാരണം, അവർക്ക് കോടതിയിൽ പോകാൻ മടിയാണ്. നമ്മുടെ ആരോഗ്യപരിപാലന രംഗത്തെ ബാധിച്ചിരിക്കുന്ന മാരകമായ ഈ രോഗത്തിന് പരിഹാരമുണ്ടാകണമെങ്കിൽ അടിയന്തിരമായി ഒരു നിയമനിർമ്മാണം നടത്തണം. ഞാൻ ഈ ചർച്ച പുനരാരംഭിക്കുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഒന്നുകൂടി ആലോചിച്ച ശേഷം ഈ ബില്ലിനെ ഒപ്പോസ് ചെയ്യരുതെന്നു വിന

LIBRARY ARCHIVES Kerala Legislative Assembly

യപൂർവ്വം സൂചിപ്പിച്ചുകൊണ്ട് ഞാൻ തൽക്കാലം എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.(ചർച്ച തുടരും)

XI. ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർ ചർച്ച

(1) ദി കേരള സ്റ്റേറ്റ് കൗൺസിൽ ഓഫ് എൻട്രൻസ് എക്സാമിനേഷൻ ബിൽ 1999†

(ശ്രീ. പി.പി. സുലൈമാൻ റാവുത്തർ നോട്ടീസ് നൽകിയത്)

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, സ്വകാര്യ അംഗങ്ങളുടെ ബില്ലുകളെക്കുറിച്ച് വളരെ ഗൗരവമായി ചർച്ച നടക്കുന്ന ഈ ദിവസമാണ് വളരെയേറെ പ്രധാനപ്പെട്ട എന്റെ ബില്ലിന്റെ ചർച്ച തുടരുന്നത്. ഇവിടെ സ്വകാര്യ മെമ്പർമാരുടെ ബില്ലുകളൊക്കെ അവതരിപ്പിക്കുമ്പോൾ കാണുന്ന ഒരു പ്രത്യേകത ചുണ്ടിൽ തിരുകിവച്ച മറുപടിയുമായിട്ടാണ് ഓരോ മന്ത്രിമാരും സീറ്റിലിരിക്കുന്നത്. എന്താണ് മറുപടി പറയേണ്ടതെന്ന് ആദ്യം തീരുമാനിച്ചുകൊണ്ടു തന്നെ വന്നിരിക്കുകയാണ്. ഇതൊരു നടപടി ക്രമമായി, ആദ്യം ഒരു ദിവസം അവതരണാനുമതി തേടുന്നു പിന്നീട് ചർച്ച ചെയ്യുന്നു. ഞങ്ങൾ ഒരു ബിൽ അവതരിപ്പിച്ചാൽ ആ ബിൽ പിന്നീട് തുടർ ചർച്ചയ്ക്കുവരാൻ നറുക്കുവീണ് ചിലപ്പോൾ മാസങ്ങളോളമെടുക്കും. ഈ മന്ത്രിമാർക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ എന്തുകൊണ്ട് ഈ സ്വകാര്യബിൽ അവതരിപ്പിക്കുന്ന അംഗവുമായി, ഇങ്ങനെ മൂന്നോ നാലോ മാസം കിട്ടുമ്പോൾ ഈ കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ തയ്യാറാകുന്നില്ല? നമ്മുടെ മന്ത്രിമാർ വല്ലാത്ത ധാർഷ്ഠ്യത്തോടുകൂടിയാണ് ഈ പ്രശ്നങ്ങളെയെല്ലാം സമീപിക്കുന്നത് എന്നാണ് എന്റെ അഭിപ്രായം. എന്നുവച്ചാൽ ഞങ്ങൾ ഇതിനെല്ലാം തികഞ്ഞ ആളുകൾ, ഞങ്ങൾ ചെയ്യുന്നതെല്ലാം ശരി എന്നുള്ള ഒരു ഭാവത്തിൽ, ഒരിക്കലും ഞങ്ങൾക്ക് തെറ്റുപറ്റുകയില്ലെന്നുള്ള ഒരു മനോഭാവത്തിൽ ഈ പ്രശ്നങ്ങളെയൊക്കെ വീക്ഷിക്കുന്നത് ശരിയല്ലെന്നാണ് എനിക്ക് പറയാനുള്ളത്. ദി കേരളാ സ്റ്റേറ്റ് കൗൺസിൽ ഓഫ് എൻട്രൻസ് എക്സാമിനേഷൻ ബിൽ, 1999-നെക്കുറിച്ചുള്ള എന്റെ ചർച്ച ഞാൻ തുടരുകയാണ്. ഈ ബില്ലിന് ഞാൻ അവതരണാനുമതി തേടിയപ്പോൾ എൻട്രൻസ് പരീക്ഷകളും വാല്യൂവേഷനും കുറ്റമറ്റതാണെന്നും ഈ ബിൽ പരിഗണിക്കേണ്ടതില്ലെന്നുമാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി അന്ന് മറുപടി പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രിയുടെ വാക്കുകളിൽ എനിക്ക് പൂർണ്ണമായ തൃപ്തിയില്ല, വിശ്വാസമില്ല. അതിൽ പ്രതിഷേധമുള്ളതുകൊണ്ടുതന്നെയാണ് ഞാൻ ഈ ചർച്ചയുമായി മുൻപോട്ടു പോകുന്നത്. ഈ ചർച്ചയിലൂടെ ബഹുമാനപ്പെട്ട മന്ത്രിയെ കാര്യങ്ങളുടെ നിജസ്ഥിതി ബോധ്യപ്പെടുത്താൻ കഴിയുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. അദ്ദേഹം ഈ ബിൽ അംഗീകരിക്കാൻ തയ്യാറാകുമെന്നാണ് എന്റെ പ്രതീക്ഷ.

ശ്രീ. പാലോട് രവി : സർ, ജവഹർലാൽ നെഹ്റുവിന്റെ മുഖത്തു നോക്കി ടി.ടി. കൃഷ്ണമാചാരിക്കെതിരെ ആരോപണമുന്നയിച്ചുകൊണ്ട് ഇന്ത്യൻ പാർലമെന്റിൽ ഫിറോസ് ഗാന്ധി തന്റെ പ്രസംഗം അവസാനിപ്പിച്ചു. അദ്ദേഹം തന്റെ പ്രസംഗം അവസാനിപ്പിച്ചത് ഒരു ഉറുദു കവിത പറഞ്ഞുകൊണ്ടായിരു

† അനുബന്ധം - IX

LIBRARY ARCHIVES Kerala Legislative Assembly